☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
E-mail: ms. kspcb@gov.in FAX: 0471 – 2318134, 2318152 web: www.keralapcb.nic.in

# KERALA STATE POLLUTION CONTROL BOARD
# കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം - 695 004

No. PCB/E6/14658/2014 Dated: 28-11-2017

From

The Member Secretary

To

The Chief Environmental Engineer, Regional Office,
Thiruvananthapuram/Ernakulam/Kozhikode
The Senior Environmental Scientist, Central Laboratory, Ernakulam
The Environmental Engineer, District Office, Thiruvananthapuram /
Kollam/ Pathanamthitta/ Alappuzha/ Kottayam/ Idukki/ Ernakulam 1, 2 & 3/
Thrissur/ Malappuram/ Palakkad/Kozhikode/Wayanad/Kannur/ Kasaragod

Sub:- Kerala State Pollution Control Board – Establishment — Group Personal Accidental Insurance Scheme to the staff – Renewal for the year 2018.

Ref:- G.O.(P). No. 133/2017/Fin., dated 21-10-2017

Sir/Madam,

A copy of the Government Order cited is enclosed for immediate compliance. You shall ensure that all employees including Part Time Contingent employees/employees on deputation and Leave Without Allowance (except under Appendix XII A & XII C) are covered under the scheme. You shall be personally liable for the non-remittance of premium of the staff in your office.

Yours faithfully

**MEMBER SECRETARY (i/c)**

Copy to:-

1. IT Section for uploading in the web site.
2. E2 section/Accounts Section
3. All employees in Head Office

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി - 2018 വർഷത്തേയ്ക്കുള്ള പദ്ധതി പുതുക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (അച്ചടി) നം.133/2017/ധന തിരുവനന്തപുരം, തീയതി : 21.10.2017**

പരാമർശം:-
1) 23.11.2010 തീയതിയിലെ സ.ഉ(പി) നമ്പർ 616/2010/ധന
2) 04.11.2011 തീയതിയിലെ സ.ഉ(പി) നമ്പർ 504/2011/ധന
3) 03.11.2012 തീയതിയിലെ സ.ഉ(പി) നമ്പർ 606/2012/ധന
4) 17.04.2013 തീയതിയിലെ സ.ഉ(പി) നമ്പർ 176/2013/ധന
5) 13/11/2013 തീയതിയിലെ സ.ഉ(പി) നമ്പർ 555/2013/ധന
6) 17/11/2014 തീയതിയിലെ സ.ഉ(പി) നമ്പർ 507/2014/ധന
7) 19/11/2015 തീയതിയിലെ സ.ഉ(പി) നമ്പർ 526/2015/ധന
8) 30/09/2016 തീയതിയിലെ സ.ഉ(പി) നമ്പർ 144/2016/ധന
9) 23.09.2017 തീയതിയിലെഇൻഷ്വറൻസ്ഡയറക്ടറുടെ കെ.എസ്.ഐ ഡി/.ജി.പി.എ.ഐ.എസ്/എം.4/റ്റി 001709378 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്)പരാമർശം (1) ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 2011 വർഷം മുതൽ നടപ്പിലാക്കിയിട്ടുള്ളതും, സംസ്ഥാനത്തിലെ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപകജീവനക്കാർ, പഞ്ചായത്ത്-മുൻസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ ജീവനക്കാർ, മുൻസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ / സഹകരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ ജീവനക്കാർക്കെല്ലാം ബാധകമാക്കിയിട്ടുള്ളതുമാണ്. പരാമർശം 8 പ്രകാരം ടി പദ്ധതി 2017 വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. കെ. എസ്. ഇ. ബി,

കെ.എസ്.ആർ.ടി.സി എന്നിവിടങ്ങളിലെ ജീവനക്കാർ യഥാക്രമം 850/-, 550/- രൂപ എന്ന ക്രമത്തിലും കേരള സർവ്വീസ് ചട്ടത്തിന്റെ പരിധിയിൽ വരുന്നതും എസ്.എൽ.ഐ/ജി.ഐ.എസ് എന്നിവയിൽ വരിസംഖ്യ ഒടുക്കിവരുന്നവരുമായ മറ്റ് ജീവനക്കാർ 400 രൂപ എന്ന ക്രമത്തിലുമാണ് വാർഷിക പ്രീമിയം തുക അടച്ചുവരുന്നത്. വാഗ്ദത്ത തുക 10 ലക്ഷം രൂപ ആയിരുന്നു. മേൽപ്പറഞ്ഞ പദ്ധതിയുടെ കാലാവധി 31.12.2017-ന് അവസാനിക്കുന്നതാണ്.

ഈ സാഹചര്യത്തിൽ ടി പദ്ധതി 01.01.2018 മുതൽ 31.12.2018 വരെ ആവശ്യമായ ഭേദഗതികളോടുകൂടി ദീർഘിപ്പിക്കുന്നതിനും പുതുക്കി നടപ്പാക്കുന്നതിനുമായി പരാമർശം 9 പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിക്കുകയും നിലവിലുള്ള വ്യവസ്ഥകൾക്ക് പുറമെ താഴെപറയുന്ന ഭേദഗതികൾ കൂടി ഉൾപ്പെടുത്തി ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി(ജി.പി.എ.ഐ.എസ്) 01.01.2018 മുതൽ 31.12.2018 വരെ പുതുക്കി നടപ്പാക്കുന്നതിനും ഉത്തരവാകുന്നു.

i. നിലവിലെ ചട്ടങ്ങളുടെ/ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ചേരാൻ യോഗ്യരായ കെ.എസ്.ഇ.ബി ജീവനക്കാർ, കെ.എസ്.ആർ.ടി.സി ജീവനക്കാർ, എന്നിവരുടെ വാർഷിക പ്രീമിയം തുക സർവ്വീസ് ടാക്സ് ഉൾപ്പെടെ യഥാക്രമം 850/- രൂപ, 550/- രൂപ, എന്ന ക്രമത്തിലും കേരള സർവ്വീസ് ചട്ടത്തിന്റെ പരിധിയിൽ വരുന്നവരും എസ്.എൽ.ഐ/ ജി.ഐ.എസ് എന്നിവ ഒടുക്കിവരുന്നവരുമായ മറ്റ് ജീവനക്കാരുടെ വാർഷിക പ്രീമിയം തുക സർവ്വീസ് ടാക്സ് ഉൾപ്പെടെ 400/- രൂപ എന്ന ക്രമത്തിലും തുടരുന്നതാണ്.

ii. വാഗ്ദത്ത തുക 10 ലക്ഷം രൂപയായി തുടരുന്നതാണ്.

iii. അപകട തീയതി മുതൽ ഒരു വർഷം വരെയുള്ള കാലയളവിൽ ഇൻഷ്വറൻസ് ഡയറക്ടർക്ക് മുമ്പാകെ റിപ്പോർട്ട് ചെയ്യുന്ന ക്ലെയിമുകൾ ഇൻഷ്വറൻസ് ഡയറക്ടർക്ക് തന്നെ തീർപ്പാക്കാവുന്നതാണ്. പരാമർശം 5 ൽ പറയുന്ന ഉത്തരവിലെ 2(iii) ഈ രീതിയിൽ ഭേദഗതി ചെയ്യുന്നു.

iv. ജീവനക്കാരുടെ പ്രീമിയം തുക അതാത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കിഴിവ് നടത്തിയിട്ടും കാലാവധിക്കുള്ളിൽ ട്രഷറിയിൽ ഒടുക്കാത്ത പക്ഷം ഏതെങ്കിലും തരത്തിലുള്ള ക്ലെയിം ഉണ്ടായാൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ (ഡി.ഡി.ഒ-യും ബില്ല് തയ്യാറാക്കി ട്രഷറിയിൽ തുക അടയ്ക്കാൻ ചുമതലപ്പെട്ടവർ) വീഴ്ചയായി കണക്കാക്കുന്നതാണ്.

v. എല്ലാ ജീവനക്കാരും നോമിനേഷൻ കൃത്യമായി സമർപ്പിച്ചിട്ടുണ്ടെന്ന് വകുപ്പ് തലവൻമാർ ഉറപ്പാക്കേണ്ടതാണ്.

vi. 2018 വർഷത്തേയ്ക്കുള്ള പ്രീമിയം 2017 നവംബർ മാസത്തെ ശമ്പളത്തിൽ നിന്ന് കിഴിവുചെയ്ത് ഡിസംബർ 31-നുള്ളിൽ "8658-102-88-suspense account -GPAI Fund" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നിവർ ഡിസംബർ 31-നകം പ്രീമിയം നേരിട്ട് ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ഈ വിഭാഗക്കാരുടെ ഇൻഷുറൻസ് പ്രീമിയം യഥാസമയം ട്രഷറിയിൽ ഒടുക്കിയില്ലെങ്കിൽ ഇവർക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതല്ല. ഇൻഷുറൻസ് പരിരക്ഷ ആഗ്രഹിക്കുന്ന ജീവനക്കാർ അവരുടെ ഇൻഷുറൻസ് പ്രീമിയം യഥാസമയം ഒടുക്കിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

എല്ലാ വകുപ്പ മേധാവികളും, ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ് ഓഫീസർമാരും ഈ പദ്ധതി സംബന്ധിച്ച് ജീവനക്കാരുടെ ഇടയിൽ പ്രചാരണം നൽകേണ്ടതും, ഈ സർക്കാർ ഉത്തരവ് അവരുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതും ഓഫീസിലെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതുമാണ്. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നീ ജീവനക്കാർ ഒഴികെയുള്ള മറ്റ് ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കുകയും, ഉൾപ്പെടുത്തിയവരുടെ ഇൻഷുറൻസ് പുതുക്കാതിരിക്കുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ബാദ്ധ്യത ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ് ഉദ്യോഗസ്ഥർ/ചെക്ക് ഇഷ്യൂയിംഗ് ഉദ്യോഗസ്ഥർ/ ജീവനക്കാരുടെ ശമ്പളം പിൻവലിക്കുവാനും നൽകുവാനും അധികാരപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ മേൽ വ്യക്തിപരമായി നിക്ഷിപ്തമാണ്.

എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം 1938 ലെ ഇൻഷുറൻസ് ആക്റ്റിൽ പരാമർശിച്ചിരിക്കുന്ന ചട്ടങ്ങൾ നിലനിൽക്കുന്നതാണ്.

മറ്റെല്ലാ വ്യവസ്ഥകളും സൂചനകളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം മാറ്റമില്ലാതെ തുടരുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ്**
**സെക്രട്ടറി (ഫിനാൻസ് എക്സ്പെൻഡിച്ചർ)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരളം, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും
എല്ലാ സഹകരണ സ്ഥപനങ്ങളുടെയും തലവൻമാർക്കും
എല്ലാ സ്വയം ഭരണ സ്ഥപനങ്ങളുടെയും മറ്റു അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധസർക്കാർ,പൊതുമേഖല സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു)
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല മണ്ണുത്തി,തൃശ്ശൂർ.
രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം.(എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു.
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും..
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
സെക്രട്ടറി, മനുഷ്യവകാശ കമ്മീഷൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെയും, മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചെയർമാൻ,ഭരണപരിഷ്കാര കമ്മീഷൻ.
മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.
സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.
വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

അക്കൗണ്ട്സ് ഓഫീസർ